**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1981** **29-09-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ളതും നിർമ്മാണം നടക്കുന്നതുമായ ഫിഷറീസ് റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്നും ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലാണ് പദ്ധതികൾ അനുവദിച്ചതെന്നും പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

<u>**കുണ്ടറ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ**</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ | പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം |
|---|---|---|---|---|
| **2018-19** | | | | |
| 1 | പെരിനാട് പഞ്ചായത്തിലെ 10,12,13,14 എന്നീ വാർഡുകളിൽ ഉൾപ്പെട്ട കേരളപ്പുരം മുതൽ ചന്ദനത്തോപ്പ് വരെയുള്ള റെയിൽവേ ലൈനിന് സമാന്തരമായിട്ടുള്ള റോഡ് | 288 | റോഡിന്റെ ബി.എം. വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് | പ്രവൃത്തി നടപ്പിലാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള അനാസ്ഥ കാരണം കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യുകയും ഇതിനെതിരെ കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ആയതിന് ഇടക്കാല ഉത്തരവ് ലഭിക്കുകയും അതിൻ പ്രകാരം ശേഷിക്കുന്ന രണ്ട് ബൈറോഡുക ളുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിനായി ടെർമിനേഷൻ നടപടികൾ റിവോക്ക് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടപ്പോൾ പ്രവൃത്തി ടെർമിനേറ്റ് ചെയ്തിരുന്നു. ബാങ്ക് അക്കൗണ്ട് NPA ആയി പോയതിനാലാണ് പ്രവൃത്തി വൈകിയതെന്നും നിലവിൽ ബാങ്ക് അക്കൗണ്ട് Active ആക്കുന്നതിനുള്ള നടപടി ക്രമീകരിച്ചെന്നും കരാറുകാരൻ |

| | | | | |
|---|---|---|---|---|
| | | | | അറിയിക്കുകയും പ്രവൃത്തി നടപ്പിലാക്കാൻ തയ്യാറായി വന്നിട്ടുള്ളതുമാണ്. |
| 2 | പെരിനാട് പഞ്ചായത്തിലെ 6, 7, 8, 10 എന്നീ വാർഡുകളിൽ ഉൾപ്പെട്ട ഇളമ്പള്ളൂർ മുതൽ കേരളപുരം വരെയുള്ള റെയിൽവേ ലൈനിന് സമാന്തരമായിട്ടുള്ള റോഡ് | 239 | മെയിൻ റോഡിലെ സ്ഥലം ലഭ്യമായ ഭാഗം വരെയുള്ള ബി.എം. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് | കേരളപുരം പള്ളിയുടെ ഭാഗത്ത് നിശ്ചിത വീതിയിൽ റോഡ് ചെയ്യുന്നതിന് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ കരാറുകാരനെ ക്ലോഷർ എഗ്രിമെന്റ് വച്ച് കരാറിൽ നിന്ന് ഒഴിവാക്കിയിരുന്നു. ശേഷിച്ച പ്രവൃത്തികൾ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |
| **2019-20** | | | | |
| 3 | സ്വാമിക്കട മഞ്ചാടിമൂല കടത്ത്കടവ് റോഡ് | 139.50 | റോഡിന്റെ സൈഡ് കെട്ട്, ഫില്ലിംഗ്, ക്രോസ് ഡ്രെയിൻ എന്നീ പ്രവൃത്തികൾ മാത്രം ഭാഗികമായി കരാറുകാരൻ പൂർത്തീകരിച്ചു. | കരാറുകാരന്റെ ഭാഗത്തു നിന്നും ബാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിന് കാലതാമസം വന്നതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് ക്ഷണിച്ച് ദർഘാസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 4 | ബ്രൂണോ ബർണാഡ് ജംഗ് ഷൻ മുതൽ പുലിച്ചാണി കായൽവാരം വരെയുള്ള റോഡ് | 120.60 | പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. റീടെയിനിംഗ് വാൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഫില്ലിംഗ് ഇനം പൂർത്തീകരിക്കുന്നതോടു കൂടി റോഡ് നിർമ്മാണം പൂർത്തിയാകുന്നതാണ്. | പ്രവൃത്തി ഏർപ്പാടാക്കുന്നതിന് സ്ഥല തർക്കം ഉണ്ടാവുകയും പല പ്രാവശ്യം പ്രദേശവാസികളുമായി ചർച്ച നടത്തിയാണ് പ്രവൃത്തി ഏർപ്പാടാക്കിയിരുന്നത്. ഇത് കാലതാമസത്തിന് ഇടയാക്കി. |

| | | | | |
|---|---|---|---|---|
| **2020-2021** | | | | |
| 5 | പെരിനാട് ഗ്രാമപഞ്ചായത്തിലെ വെറ്റിനറി ഹോസ്പിറ്റൽ ജംഗ് ഷൻ മുതൽ നാന്തിരിക്കൽ ചർച്ച് റ്റിസിഎം ജംഗ് ഷൻ വരെയുള്ള റോഡ് | 190 | മെയിൻ റോഡും മൂന്ന് ബൈറോഡും ഉൾപ്പെട്ട പ്രവൃത്തിയിൽ ഒരു ബൈറോഡിന്റെ 80 മീറ്റർ കോൺക്രീറ്റിംഗ് മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. പ്രവൃത്തി ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. | കരാറുകാരന്റെ അനാസ്ഥ മൂലമാണ് ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടത്. |
| **2025-26** | | | | |
| 6 | മാമൂട് സത്യൻ മെമ്മോറിയൽ ക്ലബ് നാലുമുക്ക് വഴി വില്ലേജ് ഓഫീസ് ജംഗ് ഷൻ റോഡ് | 124 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു | |